(ബി) ഗവൺമെന്റിലേയ്ക്ക് അടച്ചുതീർക്കുവാനുള്ള നികുതി, വായ്പ മുതലായ ഇനങ്ങളിൽ എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) 2000-മാണ്ട് ജനുവരി 31 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ട്രഷറികളിൽ എന്തു തുക നീക്കിയിരിപ്പുണ്ട്?

ഉത്തരം

(എ)-(സി) 1999-2000 ലെ കണക്ക് അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല.

എൽ.എഫ്. വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ കയ്യേറ്റം ചെയ്ത സംഭവം

40 (1863) ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ ഒരു ജീവനക്കാരൻ കയ്യേറ്റം ചെയ്തതായും വധഭീഷണി മുഴക്കിയതായും സർക്കാരിനോ വകുപ്പുതലവനോ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) കയ്യേറ്റം ചെയ്ത ഉദ്യോഗസ്ഥനെതിരെ വിജിലൻസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് കാരണം വ്യക്തമാക്കുമോ;

(ഡി) കയ്യേറ്റം ചെയ്ത ഉദ്യോഗസ്ഥൻ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഡെപ്യൂട്ടേഷൻ ധനകാര്യ വകുപ്പിന്റെ ശുപാർശയിലാണോ നൽകിയത്;

(ഇ) അല്ലെങ്കിൽ പ്രസ്തുത ഡെപ്യൂട്ടേഷൻ റദ്ദാക്കി കുറ്റക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിൽ ആവശ്യപ്പെട്ടിരുന്ന പ്രകാരം ആരോപണ വിധേയനായ ഉദ്യോഗസ്ഥനെ കോഴിക്കോട്ടേക്ക് സ്ഥലം മാറ്റി നിയമിക്കുകയും പരാതിയിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾക്ക് ശിക്ഷണ നടപടി സ്വീകരിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. ആരോപണവിധേയനായ ഉദ്യോഗസ്ഥനോട് അയാൾക്കെതിരെ ശിക്ഷണനടപടി സ്വീകരിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് കൂടാതെ ഇയാൾക്കെതിരെ പരാതിക്കാരൻ പോലീസിൽ കൊടുത്തിട്ടുള്ള പരാതിയിൻമേൽ അന്വേഷണറിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടുമില്ല.

(ഡി) ഉണ്ട്. അല്ല; 28.12.1999 ലെ സ.ഉ.ആർ.ടി 4333/99എൽ.ബി.ആർ പ്രകാരമാണ് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ലോക്കൽ ഫണ്ട് വകുപ്പിലെ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുകയുള്ളു. അതിനാൽ ഇതിൻമേൽ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സർക്കുലർ

41 (1864) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24.11.1998ൽ ആലുവായിൽ നടത്തിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സബ് ഓഫീസ് മേധാവികളുടെ യോഗത്തിൽ ഹെഡ് ഓഫീസിൽനിന്നും 5/98-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ നിർദ്ദേശങ്ങളോട് ചില ഓഫീസ് മേധാവികൾ വിയോജിപ്പ് പ്രകടിപ്പിച്ചിരിന്നുവോ;

(ബി) എങ്കിൽ പ്രസ്തുത സർക്കുലറിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത അഭിപ്രായം കണക്കിലെടുത്ത് 5/98 ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അന്നത്തെ യോഗനടപടിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതുപ്രകാരം 5/98 എന്ന സർക്കുലറിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ പുന:പരിശോധിച്ച് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ;

(എഫ്) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ചില ഓഫീസ് മേധാവികൾ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു.

(ബി) ക്യാംപ് ഇൻസ്പെക്ഷൻ നടത്തുന്ന ഉദ്യോഗസ്ഥർ അവരുടെ റിപ്പോർട്ടിൽ ഹാജരുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ഒപ്പ് ഒഴിവാക്കണമെന്നായിരുന്നു ആവശ്യം.

(സി) രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) സർക്കുലർ പുന:പരിശോധിച്ച് ഉത്തരവിറക്കിയിട്ടില്ല.

(ഇ) വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) മുകളിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരം ആവശ്യമില്ല.

വയനാട് ലോക്കൽ ഫണ്ട് ഡി.ഡിക്ക് സ്ഥലംമാറ്റം നിഷേധിച്ച സംഭവം

42 (1865) ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly